സമർപ്പിച്ചിട്ടില്ല. എന്നാൽ പ്രാഥമിക കരട് റിപ്പോർട്ട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻറ് എൻവയോൺമെന്റിന് ലഭിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികോം വകുപ്പിന്റെ മാനദണ്ഡങ്ങളാണ് കേരളത്തിലും പിൻതുടരുന്നത്. റെഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ചു ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർസ്ഥാപനമായ "Telecom Enforcement Resource & Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പി.എസ്.സി. നിയമനങ്ങൾ

53 (54) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിയമന നിരോധനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തിരം എത്രപേർക്ക് നിയമനം നൽകി എന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2014 ഒക്ടോബർ വരെ) പി.എസ്.സി. മുഖാന്തിരം 109048 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

54 (55) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly